പൂർത്തീകരിക്കാത്ത തദ്ദേശസ്വയംഭരണ പ്രവൃത്തികൾ

252 (3232) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻവർഷങ്ങളിൽ പൂർത്തീകരിക്കാത്തതോ നടപ്പാക്കാത്തതോ ആയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയം നീട്ടി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എത്രകോടി രൂപയുടെ പദ്ധതികളാണ് ഇപ്രകാരം പൂർത്തീകരിക്കാൻ ഉണ്ടായിരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) അതത് വർഷം തന്നെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) തുടർപദ്ധതികൾ പൂർത്തീകരിക്കാൻ നീട്ടി നൽകിയ സമയത്തിനുള്ളിൽ എത്ര കോടി രൂപ ചെലവഴിച്ചു ; ഇനിയും സമയം നീട്ടിനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഇ) പദ്ധതികൾ പൂർത്തീയാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 18-3-2015-ലെ സ. ഉ.(സാധാ)നമ്പർ792/2015/തസ്വഭവ പ്രകാരം 2015 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) 2176.61 കോടി രൂപയുടെ സ്പിൽ ഓവർ പ്രോജക്ടുകൾ 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നുണ്ട്.

(സി) പദ്ധതി രേഖകൾ തയ്യാറാക്കി സമർപ്പിക്കുന്നതിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും വരുന്ന കാലതാമസം, പദ്ധതികൾ നടപ്പിലാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശികമായി നേരിടുന്ന എതിർപ്പ്, നഗരസഭയിലെ മരാമത്തു പണികളുടെ സാങ്കേതികാനുമതി നൽകുന്നതിലുള്ള കാലതാമസം എന്നിവയാണ് പ്രധാന കാരണങ്ങൾ.

(ഡി) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ ആകെ 2728.01 കോടി രൂപ ചെലവഴിച്ചു. ഇനിയും സമയം നീട്ടി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന പദ്ധതികളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിലുള്ള വ്യത്യസ്ത കാരണങ്ങൾ കൊണ്ടാണ് പൂർത്തീകരിക്കാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly